LIBRARY ARCHIVES Kerala Legislative Assembly

കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ :

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013-14-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉത്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ട്, നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. എന്നാൽ ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല. 2014-15 വർഷം മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക റിലീസ് ചെയ്യാത്തതിനാൽ പദ്ധതി നടപ്പിലായില്ല.

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനം

100 (2595) ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറും കയറുൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്കാണ് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽനിന്നും എത്ര രൂപയുടെ വരുമാനമുണ്ടായി ; വർഷം തിരിച്ച് വിശദമാക്കുമോ ;

(സി) വിദേശ കയറ്റുമതിക്കുപുറമേ സംസ്ഥാനത്തിനകത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഓരോ വർഷവും കയർ, കയറുൽപ്പന്ന വിപണനത്തിലൂടെ എത്ര തുക സമാഹരിക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കയറും കയറുൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. പ്രധാനമായും 103-ഓളം രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി ചെയ്യപ്പെടുന്നത്. കയർ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽനിന്നും ശേഖരിച്ച പ്രസ്തുത രാജ്യങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC), ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (FOMIL) എന്നിവയിൽനിന്നും കയർഫെഡിൽനിന്നും യു.എ.ഇ., ഇറ്റലി, ഫ്രാൻസ്, സൗത്ത് ആഫ്രിക്ക, കുവൈറ്റ്, ലിബിയ, സ്പെയിൻ, ബഹ്റൈൻ, ആസ്ട്രേലിയ, ഡെന്മാർക്ക്, അമേരിക്ക, ഇംഗ്ലണ്ട്, ബ്രസീൽ, ഗോട്ടിമാല, മെക്സിക്കോ, ദുബൈ, കസാഖിസ്ഥാൻ എന്നീ രാജ്യങ്ങളിലേയ്ക്കാണ് പ്രധാനമായും കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുവരുന്നത്.

(ബി) കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വരുമാനം സംബന്ധിച്ച് കയർ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽനിന്നും ശേഖരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സമാഹരിച്ച വരുമാനം (തുക ലക്ഷത്തിൽ)
2011-12	105262.54
2012-13	111602.74
2013-14	147603.84
2014-15	163033.77
ആകെ	527502.89

(സി) ആഭ്യന്തര വിപണി സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly